## ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(ഹാജർ.ആർ.രാജഗോപാൽ)**

വിഷയം: - ഗ്രാമവികസന വകുപ്പ്- ജീവനക്കാര്യം- മിനിസ്റ്റീരിയൽവിഭാഗം എൽ.ഡി.ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. ഗ്രാമവികസന കമ്മീഷണറുടെ 02.12.2005 -ലെ എ.4.7042/05/സി.ആർ.ഡി നമ്പർ ഉത്തരവ്.

2. പത്തനംതിട്ട ജില്ലയിൽ കോയിപ്രം ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസിലെ ക്ലർക്ക് ശ്രീ.ആർ.സത്യന്റെ 21.10.2013 -ലെ അപേക്ഷ.

3. ഗ്രാമവികസന കമ്മീഷണറുടെ 05.06.2014 -ലെ 24520/സി.3/06/സി.ആർ.ഡി നമ്പർ സർക്കുലർ.

| | |
|---|---|
| ഉത്തരവ് നം.24520/എസ്റ്റാ.സി.3/14/സിആർഡി. | തീയതി: 28.06.2014 |

സൂചന (1) പ്രകാരം പ്രസിദ്ധീകൃതമായ എൽ.ഡി.ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് ഡെവലപമെന്റ് ആഫീസിലെ ക്ലർക്കായിരുന്ന ശ്രീ.ആർ.സത്യൻ (നിലവിൽ പറക്കോട് ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസ്) സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൻ പ്രകാരം ശ്രീ.ആർ.സത്യന്റെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടിയാനെ മേൽ സീനിയോറിറ്റി ലിസ്റ്റിൽ '266 A' എന്ന ക്രമ നമ്പരിൽ താത്കാലികമായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ച് സൂചന (3) പ്രകാരം സർക്കുലർ പുറപ്പെടുവിച്ച് ആക്ഷേപങ്ങൾ ആരാഞ്ഞിരുന്നു. അപ്രകാരം ഉൾപ്പെടുത്തി-യതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ.ആർ.സത്യനെ സൂചന (1) പ്രകാരം പ്രസിദ്ധീകൃതമായ സീനിയോറിറ്റി ലിസ്റ്റിൽ 267-ാം നമ്പരിലുള്ള ശ്രീ.കെ.പി.സമീറിന് മുകളിലായും 266-ാം നമ്പറിലുള്ള ശ്രീമതി.ആശാ നാരായണന് തൊട്ടു താഴെയായും '266 A' എന്ന ക്രമനമ്പരിൽ ഉൾപ്പെടുത്തി സീനിയോറിറ്റി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:- 1. ശ്രീ.ആർ.സത്യൻ, ക്ലർക്ക്.

2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പത്തനംതിട്ട

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

വി വി 28.06.2014